LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കേരളത്തിൽ രണ്ട് രൂപയ്ക്ക് അരി മഹാഭൂരിപക്ഷം കാർഡുകൾക്കും ഇപ്പോൾ നൽകാൻ തീരുമാനിക്കുകയും 27 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് കൊടുത്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. പക്ഷെ കേരളത്തിന്റെ പ്രത്യേക സാഹചര്യം വച്ച് കേരളത്തിലെ മുഴുവൻ റേഷൻ കാർഡുകൾക്കും രണ്ട് രൂപയ്ക്ക് അരി നൽകുന്നതിനുവേണ്ടിയുള്ള ഒരു പ്രോഗ്രാമിനെക്കുറിച്ച് ആലോചിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, അത് ഭീമമായിട്ടുള്ള വേസ്റ്റാണ്. കേരളത്തിൽ പകുതി കുടുംബങ്ങളാണ് അരി വാങ്ങാൻ പോകുന്നത്. ബാക്കി വാങ്ങിക്കാത്ത അരിക്ക് രണ്ട് രൂപ സബ്സിഡി എന്തു ന്യായം വച്ചാണ് നമ്മൾ നൽകുക. അതുകൊണ്ട് കേരളത്തിൽ രണ്ടുരൂപയ്ക്ക് അരി ആവശ്യമായിട്ടുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക്, അത് നാൽപ്പതു ലക്ഷമല്ല, നാൽപ്പത്തിയഞ്ചു ലക്ഷമായാലും അവർക്കെല്ലാം പൂർണ്ണമായി രണ്ട് രൂപയുടെ അരി നൽകാം.

പാചകവാതക വിതരണം

4(*154) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പാചക വാതക വിതരണം നിരീക്ഷിക്കുന്നതിന് എൽ.പി.ജി. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കമ്മിറ്റികൾക്കുള്ള അധികാരങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പാചക വാതക വിതരണം നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഈ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) പാചകവാതക വിതരണം മുടക്കം കൂടാതെ നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാനായി തൊഴിൽ സമരങ്ങളും ടാങ്കർ ലോറി പണിമുടക്കുകളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ സർക്കാർ ഇടപെട്ട് ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. കൂടാതെ, പൊതുപണിമുടക്ക്, ഹർത്താൽ എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ പാചകവാതക വിതരണം സുഗമമായി നടക്കുന്നുണ്ട് എന്ന്

ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കാൻ ജില്ലാഭരണാധികാരികൾ, പോലീസ് അധികാരികൾ എന്നിവർക്ക് സംസ്ഥാന സർക്കാർ യഥാസമയം നിർദ്ദേശം നൽകുന്നു. ഇതു സംബന്ധിച്ച് ഏറ്റവുമൊടുവിൽ (30-11-2010-ൽ) സർക്കാർ വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബോട്ട്ലിംഗ് പ്ലാന്റിൽ തൊഴിൽ തർക്കംമൂലം പാചകവാതക വിതരണം തടസ്സപ്പെടുന്നത് സർക്കാരിനെ ഉടൻ അറിയിക്കണമെന്നും ആവശ്യമുള്ള പക്ഷം പാചകവാതക വിതരണം സുഗമമായി നടത്തുന്നതിനാവശ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം തൊഴിൽ തർക്കങ്ങൾ ഓയിൽ കമ്പനികൾ നേരിട്ട് ഇടപെട്ട് ഉടനടി പരിഹാരം കണ്ടെത്തി എൽ.പി.ജി. വിതരണത്തിനുള്ള കാലതാമസം നീക്കണമെന്നും ടി യോഗത്തിൽ ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ നേരിട്ട് ഓൺലൈൻവഴി സ്വീകരിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് 1800-425-1550 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന് സംസ്ഥാന/ജില്ലാ/താലൂക്ക്തല സ്ക്വാഡുകൾ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അദാലത്തുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി-ഡി) പാചകവാതക വിതരണം നിരീക്ഷിക്കുന്നതിന് 23-11-2007-ലെ ജി.ഒ. (ആർ.ടി.) 530/2007/എഫ് ആന്റ് സിവിൽസപ്ലൈ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, ഓയിൽ കമ്പനി പ്രതിനിധികൾ, ഗ്യാസ് ഏജൻസി പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല എൽ.പി.ജി. മോണിട്ടറിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ പാചകവാതകത്തിന്റെ ആവശ്യകത, ലഭ്യത, പരാതികൾ എന്നിവ നിരീക്ഷിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിന് ടി കമ്മിറ്റികൾക്ക് അധികാരവും ചുമതലയുമുണ്ട്. ജില്ലാ കളക്ടർ, ഓയിൽ കമ്പനികൾ, ഉപഭോക്താക്കൾ, വിതരണക്കാർ എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ഓപ്പൺ ഫോറങ്ങൾ മുഖേന പാചകവാതക വിതരണത്തിലെ പരാതികളും പോരായ്മകളും പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : സർ, പാചകവാതക വിതരണത്തിലെ അപാകതകൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള മോണിട്ടറിംഗ് കമ്മിറ്റിയിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. സി. ദിവാകരൻ</u> : സർ, തീർച്ചയായും അടിയന്തര നടപടി സ്വീകരിക്കും. ജനപ്രതിനിധികളെ ഉൾപ്പെടുത്തും.

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : സർ, പാചകവാതകം വിതരണം ചെയ്യുന്നതിനുള്ള ഏജൻസികളുടെ അപര്യാപ്തത പലയിടത്തും അനുഭവപ്പെടുന്നുണ്ട്. പലപ്പോഴും മുനിസിപ്പാലിറ്റിയും സമീപ പഞ്ചായത്തുകളും ഉൾപ്പെട്ട വിസ്തൃതമായ ഒരു ഏരിയയിലാണ് നിലവിലുള്ള ഏജൻസി വിതരണം ചെയ്യുന്നത്. ഒരുപാട് അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. പുതിയ ഒരു ഏജൻസികൂടി അവിടെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പുതിയ ഏജൻസിക്ക് താൽപ്പര്യമുണ്ട്. പക്ഷെ ഇത് തീരുമാനിക്കുന്നത് ഓയിൽ കമ്പനികളാണ്. സ്റ്റേറ്റ് ഗവൺമെന്റിന് ഏജൻസി കൊടുക്കാനുള്ള യാതൊരു അധികാരവുമില്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, പാചകവാതക സിലിണ്ടറുകൾ വീട്ടാവശ്യത്തിനാണ് പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ വീട്ടാവശ്യത്തിനുള്ള സിലിണ്ടർ കിട്ടാതിരിക്കുകയും അത് മറ്റാവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്ന അനുഭവമാണ് ധാരാളമുള്ളത്. ഇതു തടയാൻ മോണിട്ടറിംഗ് കമ്മിറ്റികൾ വേണ്ടത്ര ഉപകരിക്കുന്നില്ല. എന്ത് ഏർപ്പാടാണ് ഇതിന് പകരം ചെയ്യാനുദ്ദേശിക്കുന്നത് ?

ശ്രീ. സി. ദിവാകരൻ : സർ, പകരം ഇപ്പോഴുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ട് അത് തടയുകയല്ലാതെ വേറെ വഴിയൊന്നുമില്ല.

ശ്രീ. പി. ടി. എ. റഹീം : സർ, പാചകവാതക സിലിണ്ടറുകൾ അധികവും ബോഗസ് പേരുകളിലാണുള്ളത്. ബോഗസ് പേരുകളിലുള്ളതാണ് ഹോട്ടലുകളിൽ മറ്റും പോകുന്നത്. ഇത് കണ്ടുപിടിക്കുന്നതിന് ആഡിറ്റിംഗ് നടത്താൻ സർക്കാർ മുതിരുമോ ?

ശ്രീ. സി. ദിവാകരൻ : സർ, പോലീസിന്റേയും കളക്ടറേറ്റിലുള്ള വിജിലൻസ് കമ്മിറ്റിയുടേയുമൊക്കെ ഉദ്യോഗസ്ഥർക്ക്. സർപ്രൈസ് റെയ്ഡ് നടത്തി ഇതെല്ലാം പരിശോധിക്കാവുന്നതാണ്. അതിനുള്ള അധികാരം അവർക്ക് കൊടുത്തിട്ടുണ്ട്. അത് ചെയ്യുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വലിയ നമ്പർ ഉപഭോക്താക്കളെ ഉൾക്കൊള്ളാൻ കഴിയാത്ത നിരവധി ഏജൻസികളുണ്ട്. അവിടെ വലിയ ക്രമക്കേടുകൾ നടക്കുകയാണ്. കുന്നംകുളത്ത് മുപ്പതിനായിരത്തിലധികം വരുന്ന ഉപഭോക്താക്കളാണ് ഒറ്റ ഏജൻസിയുടെ കീഴിൽ പാചകവാതകം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റല്ല ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതെന്ന് അങ്ങ് പറഞ്ഞു. എങ്കിലും ഗവൺമെന്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, സഭയിൽ ഉന്നയിക്കപ്പെട്ട ഈ വിഷയങ്ങളെല്ലാം തന്നെ ഗവൺമെന്റ് ഓയിൽ കമ്പനിയുടെ മാനേജുമെന്റിനെ അറിയിക്കുന്നതായിരിക്കും.

ശ്രീ. എം. മുരളി : സർ, പാചകവാതക വിതരണത്തിൽ വലിയ ക്രമക്കേടുകൾ നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. അവർ കേന്ദ്ര ഗവൺമെന്റ് നിയന്ത്രിക്കുന്ന ഓയിൽ കമ്പനികളുടെ ഏജൻസികളാണ് എന്നുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് മോണിട്ടറിംഗ് കമ്മിറ്റിയുണ്ടാക്കുകയും എസൻഷ്യൽ കമോഡിറ്റീസ് ആക്ട് അനുസരിച്ച് കളക്ടർ ഉൾപ്പെടെയുള്ളവർക്ക് അധികാരമുണ്ടെങ്കിലും ഈ അധികാരമൊന്നും ഇഫക്ടീവല്ല. ഇവർക്ക് എതിരെ പെറ്റിയ കേസ്സുകൾ എടുത്തുകഴിഞ്ഞാൽ അവർ ആ കേസ്സുകളെ

അതിജീവിക്കുന്നു. അദാലത്തുകൾ നടത്തിയാൽ ഇവർ വരാറില്ല. താലൂക്ക് വികസന സമിതിയിൽ ഗുരുതരമായ ആരോപണങ്ങൾ എന്റെ താലൂക്കിലുണ്ടായപ്പോൾ ഇവരെ വിളിച്ചുവരുത്താൻ ഞങ്ങൾ ശ്രമിച്ചപ്പോൾ അവർ വഴങ്ങിയില്ല. ഞങ്ങൾ വരില്ല എന്നുപറഞ്ഞു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടണം, എല്ലാ എൻഫോഴ്സ്മെന്റും നടത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, പരമാവധി ഗവൺമെന്റ് എൻഫോഴ്സ് ചെയ്യുന്നുണ്ട്. എസൻഷ്യൽ കമോഡിറ്റീസ് ആക്ട് ഉൾപ്പെടെ നിലവിലുള്ള നിയമങ്ങളെല്ലാം തന്നെ എൻഫോഴ്സ് ചെയ്യേണ്ടത് കളക്ടർമാരാണ്. അവരോട് അത് ആവശ്യപ്പെട്ടിട്ടുണ്ട്, അവർ അത് എൻഫോഴ്സ് ചെയ്യുന്നുമുണ്ട്. ഇതെല്ലാം കഴിഞ്ഞാലും കോടതിയിൽ പോയാൽ സംസ്ഥാന ഗവൺമെന്റിന് ഇതിനകത്ത് അധികാരമില്ലെന്നുള്ള തരത്തിൽ കോടതിയിൽനിന്ന് ചില ഉത്തരവുകൾ കിട്ടിയിട്ടുണ്ട്.

അവശ്യ സാധനങ്ങളുടെ ഗുണനിലവാരം

5 (*155) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീമതി ജെ. അരുന്ധതി :

ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ;

(ബി) വില്പനശാലകളിൽ വിജിലൻസ് വിഭാഗം ഈയിടെ നടത്തിയ പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സപ്ലൈകോയ്ക്ക് ആവശ്യമായ എല്ലാ സാധനങ്ങളും കേന്ദ്രീകൃത പർച്ചേസിലൂടെ മാത്രം വിതരണം ചെയ്യാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) സപ്ലൈകോയുടെ കഴിഞ്ഞ നാല് വർഷത്തെ വിറ്റുവരവ് എത്രയാണ് ; ഓരോ വർഷവും എത്രകോടി രൂപയുടെ സബ്സിഡിയാണ് ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഡിപ്പോ തലങ്ങളിൽ പരിശോധിക്കുന്നത് ബന്ധപ്പെട്ട ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, സ്റ്റോക്ക് കസ്റ്റോഡിയൻ എന്നിവരാണ്. കൂടാതെ ജില്ലാതലങ്ങളിൽ ക്വാളിറ്റി

LIBRARY ARCHIVES Kerala Legislative Assembly